**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2325 **17.08.2017**-ലെ മറുപടിക്ക്

**പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക നീക്കി വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പിന്നോക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അംബേദ്കർ ഗ്രാമവികസന പരിപാടി നടപ്പാക്കി വരുന്നു. പദ്ധതികൾക്കാവശ്യമായ തുക പട്ടികജാതി വികസന വകുപ്പിന് കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് ചെലവഴിക്കുന്നത്. ആയത് പ്രകാരം നാളിതുവരെ 196 പട്ടികജാതി കോളനികളിൽ 98 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് ആരംഭിച്ച സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി, ഗാന്ധി ഗ്രാമം പദ്ധതി എന്നിവയ്ക്ക് 2016-17 സാമ്പത്തിക വർഷം യഥാക്രമം 19.9 കോടി രൂപയും, 2.16 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി കോളനികളിൽ റോഡ്, കുടിവെള്ളം, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലകൾക്ക് അനുവദിച്ച 1/3 കോർപ്പസ് ഫണ്ട് ആയ 81.39 കോടി രൂപയിൽ 31.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എങ്കിൽ ഈ തുക ഉപയോഗിച്ച് കോളനികളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരം കോളനികളിൽ നടപ്പാക്കാവുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവ് വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതാ സ്വയം തൊഴിൽ പദ്ധതി)<br>കൂടാതെ ജില്ലകൾക്ക് അനുവദിക്കുന്ന 1/3 കോർപ്പസ് ഫണ്ട് വിനിയോഗിച്ചും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന പദ്ധതി പ്രകാരവും കുടിവെള്ളം, ടോയ്‌ലറ്റ് നിർമ്മാണം, വേസ്റ്റ് മാനേജ്മെന്റ്, വൈദ്യുതി, റോഡുകൾ, ശ്മശാനങ്ങൾ മുതലായ പ്രോജക്ടുകളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ